"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- കോതമംഗലം നഗരസഭയിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2, തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. സൂര്യമോൾ.എം.സി. സമർപ്പിച്ച അപ്പീൽ അപേക്ഷ- തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.1653/2022/LSGD തീയതി,തിരുവനന്തപുരം, 12-07-2022

---

പരാമർശം:-

1. നഗരകാര്യഡയറക്ടറുടെ 22.03.2021 തീയതിയിലെ വി3-19773/19 നമ്പർ ഉത്തരവ്
2. കോതമംഗലം നഗരസഭയിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2, തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. സൂര്യമോൾ.എം.സി. സമർപ്പിച്ച 31.01.2022 തീയതിയിലെ അപ്പീൽ അപേക്ഷ.
3. നഗരകാര്യ ഡയറക്ടറുടെ 23.04.2022 തീയതിയിലെ വി3-19773/19 നമ്പർ കത്ത്.

**ഉത്തരവ്**

കൊച്ചി നഗരസഭയിലെ പള്ളുരുത്തി റിലീഫ് സെറ്റിൽമെന്റിലെ ക്രമക്കേടുകൾ സംബന്ധിച്ച പരാതിയിന്മേൽ റീജിയണൽജോയിന്റ് ഡയറക്ടർ നടത്തിയ അന്വേഷണത്തിൽ ടി സ്ഥാപനത്തിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി. സൂര്യമോൾ.എം.സി.-യുടെ ഭാഗത്ത് നിന്നും കൃത്യനിർവ്വഹണത്തിൽ വീഴ്ചയുണ്ടായതായി കണ്ടെത്തിയതിന്റെയടിസ്ഥാനത്തിൽ ടിയാൾക്കെതിരെ നഗരകാര്യഡയറക്ടർ ആരംഭിച്ച അച്ചടക്കനടപടികൾ പരാമർശം 1 പ്രകാരം ടിയാൾക്ക് "സെൻഷർ" നൽകി തീർപ്പാക്കിയിരുന്നു. പ്രസ്തുത ശിക്ഷാനടപടി ഒഴിവാക്കണമെന്ന ആവശ്യവുമായി നഗരകാര്യഡയറക്ടറുടെ ഉത്തരവിനെതിരേ പരാമർശം 2 പ്രകാരം ശ്രീമതി. സൂര്യമോൾ.എം.സി. അപ്പീൽ സമർപ്പിച്ചിരുന്നു.

2. ഇക്കാര്യത്തിൽ നഗരകാര്യഡയറക്ടറുടെ പരാമർശം 3 റിപ്പോർട്ട് പ്രകാരം, 1960ലെ കേരള സിവിൽ സർവ്വീസസ്(തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം അപ്പീൽ ഉത്തരവ് സ്വീകരിച്ച തീയതിമുതൽ 2 മാസത്തിനകം അപ്പീൽ സമർപ്പിക്കേണ്ടതാണെന്നും അപ്പീൽ കാലാവധി കഴിഞ്ഞശേഷമാണ് ടിയാൾ അപ്പീൽ സമർപ്പിച്ചിട്ടുള്ളതെന്നും നഗരകാര്യഡയറക്ടർ അറിയിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൽ, 22.03.2021 തീയതിയിലെ നഗരകാര്യഡയറക്ടറുടെ ഉത്തരവിനെതിരേ 31.01.2022ൽ മാത്രമാണ് ടിയാൾ സർക്കാരിൽ അപ്പീൽ സമർപ്പിച്ചിട്ടുള്ളത്. കൂടാതെ അപ്പീൽ സമർപ്പിക്കുന്നതിന് വന്ന കാലതാമസത്തിന്

വ്യക്തമായ കാരണം അപേക്ഷക ബോധിപ്പിച്ചിട്ടില്ലാത്തതുമാണ്. ആയതിനാൽ 1960ലെ കേരള സിവിൽ സർവ്വീസസ്(തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 25 പ്രകാരം പ്രസ്തുത അപ്പീൽ പരിഗണിക്കാവുന്നതല്ല.

4. മേൽ സാഹചര്യത്തിൽ അച്ചടക്കനടപടി തീർപ്പാക്കിയ പരാമർശം 1 ഉത്തരവ് പ്രകാരമുള്ള ശിക്ഷാനടപടി ഒഴിവാക്കണമെന്ന ആവശ്യവുമായി കോതമംഗലം നഗരസഭയിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2, തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. സൂര്യമോൾ.എം.സി. സമർപ്പിച്ച അപ്പീൽ അപേക്ഷ 1960ലെ കേരള സിവിൽ സർവ്വീസസ്(തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 25 പ്രകാരം പരിഗണനാർഹമല്ലെന്ന് കണ്ട് നിരസിച്ച് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAISY PAUL
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീമതി. സൂര്യമോൾ.എം.സി., ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2, കോതമംഗലം നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ